Reg. No. : ..................................

Name : ..................................

**FY-08**

**FIRST YEAR HIGHER SECONDARY EXAMINATION, MARCH 2020**

Part – II

Time : 2 $\frac{1}{2}$ Hours

# മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരം വിതം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

1. "തന്റെ ജനം ഇരുളിനെ കീറിമുറിച്ച് ഉയർന്നു പറക്കുന്ന സ്വപ്നമായിരുന്നു അവന്റെ മനസ്സു നിറയെ" (ജോനാഥൻ) ഈ വാക്യത്തിലെ ആശയത്തിന് യോജിച്ചവ രണ്ടെണ്ണം എടുത്തെഴുതുക.

   - പ്രതിസന്ധികളെ അതിജീവിക്കുക
   - അടിമത്തവുമായി പൊരുത്തപ്പെടുക
   - സമൂഹത്തെ പരിവർത്തിപ്പിക്കുക
   - പാരമ്പര്യത്തിൽ മുഴുകി ജീവിക്കുക

2. "ജീവിതം പോലെയിപ്പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും" (സന്ദർശനം) ഇവിടെ പ്രകടമാവുന്ന ഭാവങ്ങൾ ഏതൊക്കെയാണ്?

- പ്രതീക്ഷ
- നിരാശ
- സംതൃപ്തി
- നിസ്സഹായത

3. അനർഘ നിമിഷത്തിന് യോജിച്ച രണ്ടു വിശേഷണങ്ങൾ എടുത്തെഴുതുക.

- കവിതയോടടുത്ത് നില്ക്കുന്ന ആഖ്യാനം
- ആക്ഷേപഹാസ്യം മുഖ്യ പ്രമേയമാവുന്നു
- സാമൂഹിക രാഷ്ടീയ വിമർശനം നിർവ്വഹിക്കുന്നു
- ജീവിതത്തെ അനർഘനിമിഷമായി കാണുന്നു

4. "പഴുത്ത ഇരുമ്പിൽ കൂടം തട്ടി ആയിരം രൂപങ്ങൾ വളരുന്നു (ചരിത്രം)". ഈ വരിക്ക് യോജിക്കുന്ന രണ്ടു വസ്തുതകൾ എഴുതുക.

- മനുഷ്യാധ്വാനത്തിന് യാതൊരു പ്രസക്തിയുമില്ല
- അദ്ധ്വാനം പുതിയൊരു സമൂഹത്തെ രൂപപ്പെടുത്തുന്നു
- ഉല്പന്നങ്ങൾ മനുഷ്യരെ കീഴടക്കുന്നു
- അദ്ധ്വാനത്തിൽനിന്ന് കല പിറവികൊള്ളുന്നു

5. മുഹ്യിദ്ദീൻ മാലയുടെ സവിശേഷതയായി വരുന്ന രണ്ടു പ്രസ്താവനകൾ എടുത്തെഴുതുക.

- അറബി മലയാള സാഹിത്യത്തിലെ പ്രഥമകൃതി
- കോഴിക്കോട് ജീവിച്ചിരുന്ന സൂഫിവര്യനെ വാഴ്ത്തുന്നു.
- കാലം കൃത്യമായി രേഖപ്പെടുത്തിയ പ്രാചീനകൃതി
- പോർച്ചുഗീസ് അധിനിവേശത്തെക്കുറിച്ചുള്ള ഗ്രന്ഥം

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

6. കായലരികത്ത് എന്ന ഗാനത്തിൽ സാമൂഹിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന രണ്ടു സൂചനകൾ എഴുതുക ?

7. അച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ തീവ്രത (സൈക്കിൾ മോഷ്ടാക്കൾ) വ്യക്തമാക്കുന്ന രണ്ടു സന്ദർഭം എഴുതുക.

8. "ഒരേ സമയത്തു കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരതമാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീരവദനയുമായിരുന്നു ആ യുവതി" (ലാത്തിയും വെടിയുണ്ടയും) ഈ പ്രയോഗം ഉചിതമാവുന്നതെങ്ങനെ ? വ്യക്തമാക്കുക.

9. പീലിക്കണ്ണുകൾ എന്ന കവിതയിൽ അമ്മയുടെ സ്നേഹം നിറഞ്ഞുനില്ക്കുന്ന രണ്ടുമുഹൂർത്തങ്ങൾ എഴുതുക.

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

10. "ചിറകുനീർത്തുവാനാവാതെ തൊണ്ടയിൽ പിടയുകയാണൊരേകാന്തരോദനം." 'സന്ദർശന'ത്തിലെ നായകന്റെ മാനസികാവസ്ഥയെ ആവിഷ്കരിക്കാൻ ഈ പ്രയോഗം സഹായകമാണോ ? വ്യക്തമാക്കുക.

11. "മണ്ണിലേക്ക് ഊർന്നുവീഴുന്ന ഒരിലപോലും വേരുകൾക്കായിട്ടാണല്ലോ മണ്ണടരുകളിലേക്ക് താണുപോകുന്നത്." (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) ഇതിലൂടെ ലേഖകൻ മുന്നോട്ടു വയ്ക്കുന്ന ജീവിതദർശനമെന്താണ് ? നിരീക്ഷണങ്ങൾ കുറിക്കുക.

12. നിത്യ ജീവിതത്തിലെ കുറവുകളെ പൂരിപ്പിക്കുകയാണ് ജനപ്രിയ സിനിമകൾ ചെയ്യുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വ്യക്തമാക്കുക.

13. "ആറ്റിലും തീയിലും വീഴാതെ കണ്ടെന്നെപ്പോറ്റി വളർത്തതു നിങ്ങളല്ലോ." ഇവിടെ അടിവരയിട്ട പ്രയോഗത്തിന് ഒന്നിലധികം അർത്ഥം ലഭിക്കുന്നുണ്ടോ ? പരിശോധിക്കുക.

14. "അരുളില്ലയതെങ്കിലസ്ഥി തോൽ
സിര നാറുന്നൊരുടമ്പു താനവൻ ;
മരുവിൽ പ്രവഹിക്കുമംബുവ –
പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം." അനുകമ്പയില്ലാത്തവരെ, ഇങ്ങനെ വിശേഷിപ്പിക്കുന്നത് എത്രമാത്രം ഉചിതമാണ് ? വ്യക്തമാക്കുക.

15. "ഏതായാലും അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു" (ശസ്ത്രക്രിയ) മകന്റെ ഈ തിരിച്ചറിവിന് കാരണമെന്താവാമെന്നാണ് നിങ്ങൾ വിചാരിക്കുന്നത് ? വ്യക്തമാക്കുക.

16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (4 × 6 = 24)

16. ഒറ്റപ്പെട്ടുപോകുന്നതിന്റെ അരക്ഷിതാവസ്ഥയും ഒറ്റക്കാണെങ്കിലും പൊരുതി നില്ക്കാനുള്ള ശ്രമങ്ങളുമാണ് മത്സ്യത്തെ വ്യത്യസ്തനാക്കുന്നത് ? ഈ പ്രസ്താവനയോട് പ്രതികരിക്കുക.

17. കുടുംബ ബന്ധത്തിന്റെ ഊഷ്മളത സൈക്കിൾ മോഷ്ടാക്കൾ എന്ന ചലച്ചിത്രത്തിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ട്? വിശദമാക്കുക.

18. ഡോക്യുമെന്ററിയുടെയും കഥാചിത്രത്തിന്റെയും വ്യത്യാസങ്ങൾ കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നിവയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

19. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സാമൂഹിക മാറ്റങ്ങൾ സംഭവിക്കുമ്പോൾ അതിലൊന്നും പങ്കെടുക്കാതെ മാറിനില്ക്കുന്ന ഒരു സ്ത്രീയുടെ പശ്ചാത്താപമാണോ (ലാത്തിയും വെടിയുണ്ടയും) തങ്കം നായർ എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത് ? വിശകലനം ചെയ്യുക.

20. വിദ്യാഭ്യാസം ലഭിച്ചിട്ടും ജന്മവാസനയാണ് വാസനാ വികൃതിയിലെ ഇക്കണ്ടക്കുറുപ്പിനെ വഴിപിഴപ്പിക്കുന്നത്. മനുഷ്യരെ കൂടുതൽ നല്ല മനുഷ്യരാക്കുന്നതിൽ സാമൂഹിക സാഹചര്യങ്ങൾക്കും വിദ്യാഭ്യാസത്തിനും പങ്കില്ലേ ? പരിശോധിക്കുക.

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)

മഹത്തായ എല്ലാ ഫിക്ഷനുകളും വായനക്കാരന് ജീവിക്കാൻ മറ്റൊരു അപരലോകം നിർമ്മിച്ചുകൊടുക്കുന്നുണ്ട്. ഓരോരുത്തരും തങ്ങളുടെ ഭാവനയ്ക്കും ആർജ്ജിതാനുഭവജ്ഞാനത്തിനും ഭാഷാബോധത്തിനും കാഴ്ചപ്പാടുകൾക്കും അനുസരിച്ച് ഓരോന്നായി സ്വീകരിച്ച് പാഠനിർമ്മിതി നടത്താനും പലവായനകളിൽ പലതായി കണ്ടെത്തി വ്യാഖ്യാനിക്കാനും ഫിക്ഷൻ അവസരമൊരുക്കുന്നുണ്ട്. മറ്റ് കലാമാധ്യമങ്ങൾക്കൊന്നുമില്ലാത്ത ഈ വ്യതിരിക്ത സ്വഭാവമാണ് ഈ സൈബർ കാലഘട്ടത്തിലും ഫിക്ഷനുള്ള ജനപ്രിയതയ്ക്കു കാരണം. വായിക്കുന്ന ആളിന്റെ ഏകാന്തതയെയും ഓർമ്മകളെയും അത്രമേൽ ഗാഢമായി അഭിസംബോധന ചെയ്യുന്ന ഒരു മാധ്യമം ഫിക്ഷൻ പോലെവേറെയില്ല. ഒരർത്ഥത്തിൽ, മനുഷ്യന്റെ ഏകാന്തതയെയും ഓർമ്മകളെയും സ്വരൂപിച്ച് സർഗ്ഗാത്മകമാക്കുന്ന പ്രവൃത്തിയാണ് കഥയെഴുത്ത്. ഒരാൾ ജീവിച്ചുതീർത്തതെന്ത് എന്നതല്ല, ഒരാൾ എന്ത് ഓർമ്മിക്കുന്നു എന്നതാണ് അയാളുടെ ജീവിതമെന്ന് മാർകേസ് എഴുതുന്നത് ഈ അർത്ഥത്തിലാണ്.

*(കപ്പൽച്ചേതം വന്ന നാവികൻ)*

21. സൈബർ കാലഘട്ടത്തിലും ഫിക്ഷനുള്ള ജനപ്രിയതയ്ക്ക് കാരണം എന്താണ്?

22. കഥയെഴുത്തിനെക്കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത്?

23. ജീവിതത്തെക്കുറിച്ച് മാർകേസിന്റെ കാഴ്ചപ്പാട് എന്ത്?

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

24. വൃദ്ധ, പെൺകുട്ടി, പത്മാക്ഷി എന്നീ കഥാപാത്രങ്ങളിലൂടെ സ്ത്രീജീവിതത്തിന്റെ വ്യത്യസ്ത മുഖങ്ങളെയാണോ ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ ആവിഷ്കരിക്കുന്നത്. പരിശോധിച്ച് നിരൂപണം തയ്യാറാക്കുക.

25. ദാമ്പത്യജീവിതത്തിന്റെ ഭദ്രതയും പൊരുത്തവും ദൃഢതയും പ്രഖ്യാപിക്കുന്ന കവിതയാണ് ഊഞ്ഞാലിൽ. കവിത മുന്നോട്ടുവയ്ക്കുന്ന പ്രസാദാത്മക വീക്ഷണം അടിസ്ഥാനമാക്കി ആസ്വാദനം തയ്യാറാക്കുക.

26. നിരാലംബയും നിസ്സഹായയുമായ സ്ത്രീജീവിതം കരുത്താർജ്ജിച്ച് പ്രതികാരനിർവ്വഹണത്തിന് തയ്യാറാവുന്നതിന്റെ സ്വപ്നമാണോ സംക്രമണം എന്ന കവിതയിൽ അവതരിപ്പിക്കുന്നത്? വിലയിരുത്തുക.

---